(ബി) ഈ വർഷങ്ങളിൽ ഓരോ മാസവും എത്രയാണ് നൽകിയത്?

ഉത്തരം

(എ, ബി) 1975 മുതൽ 1978 വരെ നാലു വർഷങ്ങളിൽ കേന്ദ്ര ഗവൺമെൻറ് സംസ്ഥാനത്തിനു നൽകിയ അരിയുടെയും ഗോതമ്പിന്റേയും അളവു കാണിക്കുന്ന സ്റ്റേറ്റ്മെൻറ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

കോഫിഹൗസിന്റെ ശാഖകളിൽ ഭക്ഷണപദാർത്ഥങ്ങൾക്ക് വിലക്കുറവുവരുത്താൻ നടപടി

979 [1574] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഇൻഡ്യൻ കോഫി ഹൗസിന്റെ ശാഖകളിൽ ഭക്ഷണപദാർത്ഥങ്ങൾക്ക് വിലക്കുറവു വരുത്തിയിട്ടില്ലെന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനങ്ങളിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില അടിയന്തിരമായി കുറയ്ക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഫി ഹൗസിന്റെ ശാഖകൾ ഇടുക്കി, മലപ്പുറം, എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നില്ല. പാലക്കാട് സ്പെഷ്യൽ ഊണിന് 10 പൈസവീതവും കോട്ടയത്ത് ചായ, കോഫി എന്നീ ഇനങ്ങൾക്ക് 5 പൈസ വീതവും കുറവു വരുത്തിയിട്ടുണ്ട്. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന ശാഖകളിൽ വിലക്കുറവു വരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോഫി ബോർഡ് വർക്കേഴ്സ് സഹകരണ സംഘം നമ്പർ 4227 ന്റെ കീഴിലാണ് ഇൻഡ്യൻ കോഫി ഹൗസുകൾ പ്രവർത്തിക്കുന്നത്. ഇതിനകം കൊല്ലം, എറണാകുളം എന്നീ ജില്ലാ കളക്ടർമാരുടെ വിലക്കുറയ്ക്കുവാനുള്ള നിർദ്ദേശം അതതു ശാഖകൾ ഹെഡ്ഡാഫീസിനെ അറിയിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലും വിലക്കുറവു വരുത്താനുള്ള ഇത്തരം നടപടികൾ കൈക്കൊണ്ടുവരുന്നതായി ജില്ലാ ആസ്ഥാനങ്ങളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഇക്കണോമിക് ഒഫൻസ് വിംഗിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

980 [1578] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക് ഒഫൻസ് വിംഗിന്റെ പ്രവർത്തനമേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly